പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5682 | 05-07-2013 - ൽ മറുപടിക്ക് |
|---|---|

## വി.എച്ച്.എസ്.ഇ ഇൻസ്ട്രക്ടർ (മാർക്കറ്റിംഗ് & സെയിൽസ്മാൻഷിപ്പ്) തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | 17.01.2011-ൽ നിലവിൽ വന്ന കാറ്റഗറി നമ്പർ 47/2005 വി.എച്ച്.എസ്.ഇ ഇൻസ്ട്രക്ടർ (മാർക്കറ്റിംഗ് ആന്റ് സെയിൽസ്മാൻഷിപ്പ്) റാങ്ക് ലിസ്റ്റ് പ്രകാരം എത്ര പേർക്ക് നാളിതുവരെ നിയമനം നൽകിയിട്ടുണ്ട്; | (എ) | 17.01.2011-ൽ നിലവിൽ വന്ന വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ വൊക്കേഷണൽ ഇൻസ്ട്രക്ടർ (മാർക്കറ്റിംഗ് ആന്റ് സെയിൽസ്മാൻഷിപ്പ്) റാങ്ക് ലിസ്റ്റിൽ നിന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശുപാർശയനുസരിച്ച് ആദ്യഘട്ടത്തിൽ 19 പേർക്ക് നിയമനം നൽകി. ഇതിൽ 6 പേർ ജോലിയിൽ പ്രവേശിച്ചില്ല. ഇപ്രകാരം ഉണ്ടായ എൻ.ജെ.ഡി ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകിയ ശുപാർശയനുസരിച്ച് 6 ഉദ്യോഗാർത്ഥികൾക്ക് കൂടി നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് വി.എച്ച്.എസ്.ഇ ഇൻസ്ട്രക്ടർ (മാർക്കറ്റിംഗ് ആന്റ് സെയിൽസ്മാൻഷിപ്പ്)-ന്റെ എത്ര തസ്തികകളാണ് നിലവിലുള്ളത്; സ്കൂൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | ഇരുപത് തസ്തികകളാണ് നിലവിലുള്ളത്. സ്കൂൾ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; | (സി) | നിലവിൽ രണ്ട് ഒഴിവുകളുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ഒഴിവുകൾ നികത്താൻ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (ഡി) യും (ഇ) യും | പ്രസ്തുത ഒഴിവുകളിൽ ഒരെണ്ണം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ഒഴിവിലേയ്ക്ക് യോഗ്യതയുള്ള ലാബ് ടെക്നിക്കൽ അസിസ്റ്റന്റുമാരിൽ നിന്ന് ബൈട്രാൻസ്ഫർ മുഖേന സ്ഥാനക്കയറ്റം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. ജി.വി.എച്ച്.എസ്.എസ്, കൊറ്റംകുളങ്ങര.
2. റ്റി.കെ.പി.എം.വി.എച്ച്.എസ്.എസ്, ഉളിയക്കോവിൽ.
3. ജി.വി.എച്ച്.എസ്.എസ്, ആര്യാട്.
4. ജി.വി.എച്ച്.എസ്.എസ്, കൂടൽ.
5. ജി.വി.എച്ച്.എസ്.എസ് (ബോയ്സ്), പേരുവ.
6. എസ്.ആർ.വി.ജി.വി.എച്ച്.എസ്.എസ്, എറണാകുളം.
7. ജി.വി.എച്ച്.എസ്.എസ്, അമ്പലമുകൾ.
8. ജി.വി.എച്ച്.എസ്.എസ്, തൃക്കാക്കര.
9. ജി.വി.എച്ച്.എസ്.എസ്, പുത്തൻചിറ.
10. ജി.വി.എച്ച്.എസ്.എസ്, പഴഞ്ഞി.
11. ജി.വി.എച്ച്.എസ്.എസ്, പറവണ്ണ.
12. ജി.വി.എച്ച്.എസ്.എസ്(ബോയ്സ്), മടപ്പള്ളി.
13. ആർ.ഇ.സി.ജി.വി.എച്ച്.എസ്.എസ്, ചാത്തമംഗലം.
14. ജി.വി.എച്ച്.എസ്.എസ് (ബോയ്സ്), ബാലുശ്ശേരി.
15. ജി.വി.എച്ച്.എസ്.എസ്, മാടായി.
16. ജി.വി.എച്ച്.എസ്.എസ്, കൊടുവള്ളി.
17. ജി.വി.എച്ച്.എസ്.എസ്, എടയന്നൂർ.
18. ജി.വി.എച്ച്.എസ്.എസ്, മുള്ളേരിയ.
19. ജി.വി.എച്ച്.എസ്.എസ്, കോട്ടപ്പുറം.
20. ജി.വി.എച്ച്.എസ്.എസ്, പുതിയറ.

Sd/-